# **The Day and Hour Unknown**

## നിനെക്കാത്ത നാഴിക (മത്താ: 24:44)




ഒരു വ്യക്തിയോടുള്ള സ്നേഹബന്ധമാണ് ആ വ്യക്തിയുടെ വരവിനുവേണ്ടി ഒരുങ്ങി കാത്തിരിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഇതുപോലെ , നാം നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് ഒരുങ്ങി ഇരിക്കുവാൻ കർത്താവ് മുന്നറിയിപ്പ് തരുന്നതായി മത്താ: (24:44) ൽ കാണുന്നു.

ഇത് കേൾവിക്കാർക്ക് വ്യക്തമാക്കുവാൻ വേണ്ടി യേശു വ്യക്തമാക്കുന്നതാണ്. മത്താ:24:45-51 വരെയുള്ള വാക്യങ്ങൾ. ക്രിസ്തുവിന്റെ അപ്രതീക്ഷിത വരവിനുവേണ്ടി , ആത്മീയമായി ഒരുങ്ങിയിരിക്കുവാനുള്ള മുന്നറിയിപ്പ് മഹോപദ്രവത്തിന് മുമ്പുള്ള എല്ലാ തലമുറകളിലേയും വിശ്വാസികൾക്കായി നൽകപ്പെട്ടിരിക്കുന്നു.പരദേശത്ത് യാത്ര പോയ യജമാനൻ ദാസൻമാരെ വലിയ ഒരു ചുമതല ഏൽപ്പിച്ചു. യജമാനൻ വരുന്ന നാഴിക ദാസൻമാർ അറിയേണ്ട ആവശ്യമില്ല. അവർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതെ യജമാനൻ തന്നെ അവരവർക്കുള്ള ജോലിയും , അത് ചെയ്യുവാനുള്ള പൂർണ്ണ അധികാരവും നൽകിയിട്ടാണ് അഥവാ ചുമതലപ്പെടുത്തിയിട്ടാണ് യാത്ര പോയത്. ഇതാണ് നമ്മെ ഏല്പിച്ച താലന്തുകൾ. ഇതു കൂടാതെ കണക്ക് തീർക്കുവാൻ നിനെക്കാത്ത നാഴികയിൽ താൻ വരുമെന്നും മുന്നറിയിപ്പ് നൽകിയിരുന്നു.

## ദാസൻമാർ(Servants) എങ്ങനെയുള്ളവർ ആയിരിക്കണം.

1.തക്കസമയത്ത് ആഹാരം (ആത്മീയ ഭക്ഷണം) നൽകുന്നവർ ആയിരിക്കേണം.

2. വിശ്വസ്തരും , ബുദ്ധിയുള്ളവരും ആയിരിക്കേണം.

3. യജമാനൻ ഏല്പിച്ച ജോലി, ലഭിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് ചെയ്യുന്നവരാകണം.
4. നിനെക്കാത്ത നാഴികയിൽ യജമാനൻ വരുന്നതിനാൽ സ്വയം ഒരുങ്ങുകയും , ഏല്പിച്ചവരെ ഒരുക്കി കാത്തിരിക്കുന്നവരുമാകണം.

ക്രിസ്തുവിനോട് അവിശ്വസ്തരായി സഭയ്ക്കുള്ളിൽ ഉള്ളവർ , ക്രിസ്തു ഇപ്പോൾ വരുകയില്ല എന്ന് വിശ്വസിക്കുന്നവർ, അവിശ്വസ്തരും കപടഭക്തരുമാണ്.ഇ പ്രകാരമുള്ളവരുടെ സ്ഥാനം എവിടെയാണെന്നും അവരുടെ പ്രത്യേക പേർ എന്തെന്നും മത്താ:(24:48-51) വരെയുള്ള വാക്യങ്ങളിൽ കാണാം.

മർക്കോ : (13:33)ൽ പറയുന്നു ആ കാലം എപ്പോൾ എന്ന് അറിയായ്ക കൊണ്ട് ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. മർക്കോ(13:35)ൽ ആ നാല് യാമങ്ങൾ വ്യക്തമാക്കുന്നുണ്ട്. സങ്കീ. (90:4) ൽ നിന്നും **ആയിരം സംവത്സരമാണ് 'രാത്രിയിലെ ഒരു യാമം'** എന്ന് പറയുന്നത് എന്ന് കാണാം. ഒരു രാത്രി (12 മണിക്കൂർ) 4 യാമങ്ങളായി തിരിച്ചിരിക്കുന്നു. അതായത് 3 മണിക്കൂർ വീതം 4 യാമങ്ങൾ

## 1. സന്ധ്യായാമം (6 P M --9 P M)

സന്ധ്യായാമാരംഭത്തിൽ സുരക്ഷിതമായ സ്ഥാനത്ത് എത്തിച്ചേരുവാനുള്ള ധൃതിയുള്ള യാത്രക്കാരെ Road കളിൽ നമുക്ക് കാണുവാൻ കഴിയും. എല്ലാവരുയെയും ലക്ഷ്യം ഭവനമാണ്. മത്തായി (14:22)ൽ ശിക്ഷ്യൻമാരെ അക്കരയ്ക്കു പോകുവാൻ നിർബന്ധിച്ചയച്ചു എന്ന് കാണുന്നു. മർക്കോ: (4:35)ൽ അന്ന് സന്ധ്യ ആയപ്പോൾ അക്കരയ്ക്ക് നാം പോക എന്ന് പറഞ്ഞതായും കാണുന്നു.

സന്ധ്യായാമത്തിൽ ഭൗമീക ഭവനത്തിൽ കുടുംബാംഗങ്ങളുടെ ഒത്തുചേരൽ സന്തോഷം നൽകുന്നതാണ്. ദൈവത്തിന് കുടുംബാംഗങ്ങൾ ഒന്നിച്ച് നന്ദി കരേറ്റുന്ന യാമമാണ് സന്ധ്യായാമം. സഭയും സന്ധ്യയാമങ്ങളിലാണ് പ്രാർത്ഥനകൾ ചിലപ്പോൾ നടത്തുന്നത്. മുന്നറിയിപ്പുകൾ നൽകി യഥാർത്ഥ വഴി കാട്ടിത്തരുന്ന യാമമാണിത്. eg. പത്രോസിനും , യൂദയ്ക്കും സന്ധ്യായാമത്തിലാണ് മുന്നറിയിപ്പ് നൽകിയത്.

Read. മർക്കോസ് (14:17-21), 14:29-31) സന്ധ്യായാമം പ്രാർത്ഥനയുടെ സഹായത്തോടെ പഠനത്തിനുള്ള തുടക്കം കുറിക്കുന്നതും നല്ലതാണ്. മുകളിൽ രേഖപ്പെടുത്തിയ രണ്ട് വേദഭാഗങ്ങളിലും ശിഷ്യൻമാരെ നിർബന്ധിച്ചയച്ചവൻ ഒരിടത്ത് മലമേൽ പ്രാർത്ഥിച്ചു എന്നും മറ്റൊരിടത്ത് പടകിന്റെ അമരത്ത് തലവച്ച് കിടന്നു എന്നും കാണാം. പടകിന്റെ പ്രധാന സ്ഥാനത്ത് യേശു ഉണ്ട്. ജീവിതമാകുന്ന പടക് സംരക്ഷിക്കുന്നവൻ നമ്മോടൊപ്പം ഉണ്ട്.

ഒരു കൂട്ടർ ഗുരുവിന്റെ വാക്കനുസരിക്കുമ്പോൾ മറ്റൊരു കൂട്ടർ ഗുരുവിന്റെ വാക്ക് തള്ളികളഞ്ഞ് നശിക്കുന്ന യാമവുമാണിത്. ഓർക്കുക മദ്യഷാപ്പിലേക്ക് വേഗ

ത്തിൽ കാൽ വയ്ക്കുന്നവരേ! ഈ യാമത്തിൽ നിനക്കാത്ത നാഴികയിലവൻ വന്നാൽ, കരച്ചിലും പല്ലുകടിയും ഉള്ളിടത്ത് നിന്റെ ജീവിതം തീരും, സംശയമില്ല.

## (2) അർദ്ധരാത്രിയുടെ യാമം 9 pm - 12 pm

സന്ധ്യായാമത്തിൽ ഗുരുവിന്റെ വാക്കനുസരിച്ചവർ യാത്രചെയ്ത പടക്, അടുത്തയാമത്തിലേക്ക് സമയം കടന്നപ്പോൾ കരയിൽ നിന്നും വളരെ അകലെയായിക്കഴിഞ്ഞു. തിര(സാഹചര്യങ്ങൾ) പലപ്പോഴും നമ്മെ ഭയപ്പെടുത്തും. കാരണം ഇരുട്ടിന് കട്ടി കൂടികൂടി കാഴ്ചകൾ പലതും കാണുന്നില്ല. എന്നാൽ യേശു അമരത്തുള്ളതിനാൽ മലമേൽ നമ്മെ അയച്ചവൻ പ്രാർത്ഥിക്കുന്നതിനാൽ നാം ഭയപ്പെടേണ്ട കാര്യമില്ല. നാം അനുവദിച്ചിട്ടല്ല ചുഴലിക്കാറ്റ് പടകിനെ മുങ്ങുമാറാക്കുന്നതോ, ഉപ്പുവെള്ളം പടകിൽ കയറുന്നതോ ഒന്നും. ക്രിസ്തുവുമായുള്ള ബന്ധം തകർക്കുവാൻ, വേർപാട് നഷ്ടമാക്കുവാൻ സാത്താൻ ചെയ്യുന്ന വേലകളാണിവ. യേശു തന്റെ അർദ്ധരാത്രിയുടെ അനുഭവത്തിൽ ഉണർന്നിരുന്ന് പ്രാർത്ഥിച്ച "3" പ്രധാനശിഷ്യന്മാർ ഉറങ്ങുന്നതു കണ്ടപ്പോൾ മുന്നറിയിപ്പ് നേരത്തെ നൽകിയവനെ പേരെടുത്ത് വിളിച്ച് ചോദിക്കുന്നത് കാണാം Read - മർക്കോ(14: 37)) വേദനകളുടെ നടുവിലും അവൻ വരുമെന്ന പ്രത്യാശയോടെ ഉണർന്നിരിക്കുക.

## (3) കോഴി കൂകുന്നയാമം 12 pm - 3 am

സന്ധ്യായാമത്തിൽ മുന്നറിപ്പുകൾ തരുന്നത് മറക്കുവാനുള്ളതല്ല. മറക്കുന്നവർ അർദ്ധരാത്രിയുടെ യാമത്തിൽ ഭയപരവശരായി ചിതറിയോടേണ്ടതായി വരുന്നു. ശാസ്ത്രിമാരേയും പരീശന്മാരെയും ശിഷ്യൻമാർ ഭയപ്പെട്ടു. മാനുഷഭയം എപ്പോഴും നമുക്കൊരു കെണിയാണ്. പത്രോസ് വീണ കെണിയും തള്ളിപറയുവാൻ ഇടയായ സാഹര്യവും മാർക്കോസ് (14:66-71) വരെയുള്ള വാക്യങ്ങളിൽ കാണാം. മറവിയും ഉറക്കവും മൂലം പാതിരാക്കോഴി കൂകിയതും അവൻ അറഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ തള്ളിപ്പറയൽ ഒഴിവാക്കാമായിരുന്നു.

### പത്രോസിന്റെ വീഴ്ചയുടെ 7 പടികൾ

1. സ്വാഭിമാനം - മത്താ ( 26:33 )
2. ശ്രദ്ധയില്ലായ്മ - മത്താ ( 26:40 )
3. തിടുക്കം കാട്ടുന്നവൻ - യോഹ (18:10)
4. ദൂരവേ അനുഗമിച്ചവൻ - ലൂക്കോ ( 22:54 )
5. ദുഷിച്ച സംസർഗ്ഗം - യോഹ ( 18:18)
6. മറുത്തു പറഞ്ഞവൻ - യോഹ ( 18:25 )
7. പ്രാക്കും ആണയിടീലും - മാർക്കോ ( 14:70,71 )

വീഴ്ച പറ്റിയവനെ യേശു നോക്കുമ്പോൾ പശ്ചാത്താപം വന്നവൻ അതിദു:ഖത്തോടെ കരഞ്ഞു. അതിനാൽ അവനെ ഉപേക്ഷിച്ചില്ല. പശ്ചാത്താപം വരാത്തവൻ സ്വയം ജീവനൊടുക്കിയപ്പോൾ, അനുതപിച്ചവൻ ഉയർത്തെഴുന്നേറ്റ യേശുവിന്റെ വചനം കൂകിവിളിച്ചു. നമ്മെ ഏൽപ്പിച്ച താലന്ത് നാം ഉപയോഗിക്കാറുണ്ടോ?

## (4) പ്രഭാതയാമം 3 am - 6 am

പാതിരാകോഴി ഒന്ന് കൂവി ഏകദേശം നാല് മണിക്കൂർ കഴിഞ്ഞാണ് അടുത്ത കൂവൽ ആരംഭിക്കുന്നത്. അത് പ്രഭാതയാമത്തിന്റെ വരവ് അറിയിക്കുന്ന കൂവലാണ്. മത്തായി (14:25) ൽ പടക് പ്രതികൂലത്തിലാകുമ്പോൾ കർത്താവ് കൈവിടുന്നില്ല. ഇരുൾ വ്യാപരിച്ചപ്പോൾ കാണാതായ പല നന്മകളും കാണുന്ന യാമമാണ് പ്രഭാതയാമം. ഉദാ: മറിയ കല്ല് ഉരുട്ടിമാറ്റിയത് കണ്ട യാമം മത്തായി (28:2-4). അതിരാവിലെ യഹോവയെ അന്വേഷിച്ചവരുടെ നിരാശ, പ്രതികൂലം ഇവ മാറും. നീ കരയുന്നതെന്തിന് ? കുഞ്ഞുങ്ങളേ! കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിക്കുകയും പരിഹാരം തരുകയും ചെയ്യുന്ന യാമമാണിത്. ആദ്യ മൂന്നു യാമങ്ങളിൽ യജമാനൻ വന്നില്ലെങ്കിൽ നിശ്ചയമായും 4-ാം യാമത്തിൽ വരും.

രക്ഷപെടുവാൻ എന്തു ചെയ്യണമെന്നറിഞ്ഞിട്ടും ചെയ്യാത്തവർ, സത്യത്തെ അംഗീകരിക്കാതെ പാരമ്പര്യത്തെ ഭയപ്പെട്ടനുസരിക്കുന്നവരേ, ലോകമോഹങ്ങളിൻ ആകൃഷ്ടരായി സത്യത്തെ സ്വീകരിക്കുന്നത് നീട്ടിവയ്ക്കുന്നവരേ, ഓർക്കുക നിനെക്കാത്ത നാഴികയിലവൻ വരും. തീയും, ഗന്ധകവും ഇറങ്ങിയാൽ പിന്നെ ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ക്രിസ്തു ആകുന്ന വെളിച്ചം ഉള്ളിൽ നിറയട്ടെ, നമ്മുടെ കണക്ക് വ്യക്തവും സത്യവുമാകുവാൻ ദൈവം സഹായിക്കട്ടെ. തത്സമയം ആഹാരം നൽകുന്ന , ഒരുങ്ങിയിരിക്കുന്ന നല്ല വേലക്കാരാകുവാൻ ദൈവം സഹായിക്കട്ടെ.

***Santhamma Varghese***

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind